ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 21.10.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ആഗോള ഭാവി രൂപപ്പെടുത്തുന്നതിനുള്ള നേതൃത്വം ഇന്ത്യ ഏറ്റെടുത്തിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi has said that India is taking the lead in shaping the global future.**

2. വിദ്യാഭ്യാസ അവകാശ നിയമത്തിന് അനുസൃതമല്ലാത്ത മദ്രസകളുടെ അംഗീകാരം പിൻവലിക്കാൻ ദേശീയ ബാലാവകാശ കമ്മീഷൻ നൽകിയ നിർദേശം വിലക്കി സുപ്രീം കോടതി.

**The Supreme Court restrained the Union Government and the States from acting upon the communications issued by the National Commission for Protection of Child Rights to withdraw the recognition of Madrassas which are not compliant with the Right to Education Act 2009.**

3. ധീര ജവാൻമാരുടെ ശ്രമഫലമായി ജമ്മു കശ്മീരിലും വടക്കുകിഴക്കൻ പ്രദേശങ്ങളിലും സമാധാനം പുനഃസ്ഥാപിക്കാൻ സാധിച്ചതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.

**Due to the efforts of our brave Jawans, peace is prevailing in Jammu and Kashmir, North-East : HM Amit Shah**

4.ജമ്മു കശ്മീരിൽ പുതിയ എം.എൽ.എ മാരുടെ സത്യപ്രതിജ്ഞ ഇന്ന്.

**Newly elected MLAs of the J&K Legislative Assembly will be sworn-intoday.**

5. അമ്പെയ്ത്ത് ലോകകപ്പിൽ വനിതകളുടെ റികർവ് വിഭാഗത്തിൽ ഇന്ത്യയുടെ ദീപിക കുമാരിക്ക് വെള്ളി.

**In Archery World Cup Final, India's Deepika Kumari clinched the silver medal in the women's recurve category**

**&&&&&&&&&&&&&&&&**

# HEADLINE 1

**PM-SUMMIT**

*ആഗോള ഭാവി രൂപപ്പെടുത്തുന്നതിനുള്ള നേതൃത്വം ഇന്ത്യ ഏറ്റെടുത്തിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്വകാര്യ മാധ്യമം ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ലോക ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരിന്നു അദ്ദേഹം. മറ്റ് രാജ്യങ്ങൾക്ക് AI - എന്നാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആണെങ്കിൽ ഇന്ത്യക്ക് AI എന്നാൽ ആസ്പിരേഷനൽ ഇന്ത്യയാണെന്നും അദ്ദേഹം പറഞ്ഞു.*

*(വോയിസ്)*

**&&&&&&&&&&&&&&&&**

# HEADLINE 2

**SC**

വിദ്യാഭ്യാസ അവകാശ നിയമത്തിന് അനുസൃതമല്ലാത്ത മദ്രസകളുടെ അംഗീകാരം പിൻവലിക്കാൻ ദേശീയ ബാലാവകാശ കമ്മീഷൻ നൽകിയ നിർദേശം നടപ്പിലാക്കുന്നതിൽ നിന്ന് കേന്ദ്ര- സംസ്ഥാന സർക്കാരുകളെ സുപ്രീം കോടതി വിലക്കി. എല്ലാ മദ്രസകളിലും പരിശോധന നടത്താനും ബാലാവകാശ കമ്മീഷൻ ഉത്തരവിട്ടിരുന്നു.

കമ്മീഷന്റെ നടപടിയെ ചോദ്യം ചെയ്ത് ഇസ്‌ലാമിക പുരോഹിതരുടെ സംഘടനയായ ജാമിയത്ത് ഉലമ-ഐ-ഹിന്ദ് സമർപ്പിച്ച ഹർജി പരിഗണിക്കവേ ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, അധ്യക്ഷനായ ബെഞ്ചാണ് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചത്.

&&&&&&&&&&&&&&&&

## PREZ – NATIONAL WATER AWARD

അഞ്ചാമത് ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. മികച്ച സംസ്ഥാനം, ജില്ല, നഗര തദ്ദേശ സ്ഥാപനം ഉൾപ്പെടെ ഒമ്പത് വിഭാഗങ്ങളിലായി 38 വിജയികളെ കേന്ദ്ര ജലശക്തി മന്ത്രാലയം പ്രഖ്യാപിച്ചു. ഒഡിഷയാണ് മികച്ച സംസ്ഥാനം.

&&&&&&&&&&&&&&&&

## PM – RUSSIA

പതിനാറാം ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ റഷ്യ സന്ദർശിക്കും. "സന്തുലിതമായ ആഗോള വികസനത്തിനായുള്ള ബഹുമുഖ ശാക്തീകരണം" എന്നതാണ് ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങൾ പങ്കെടുക്കുന്ന ഉച്ചകോടിയുടെ പ്രമേയം.

&&&&&&&&&&&&&&&&

## J AND K – TERROR ATTACK

ജമ്മു കാശ്മീരിൽ ഗന്ദർബാൽ ജില്ലയിലെ സോനമാർഗിലുണ്ടായ ഭീകരാക്രണത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അപലപിച്ചു. കേന്ദ്രമന്ത്രി നിധിൻ ഗഡ്കരി, ജമ്മുകാശ്മീർ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ, മുഖ്യമന്ത്രി ഒമർ

അബ്ദുള്ള ഉൾപ്പെടെയുള്ളവരും ആക്രമണത്തെ അപലപിച്ചു. സോനമാർഗിലുണ്ടായ ഭീകരാക്രണത്തിൽ ആറു തൊഴിലാളികൾ കൊല്ലപ്പെടുകയും നാല് പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

&&&&&&&&&&&&&&&&

**PRADHAN- VISIT**

ഏഴ് ദിവസത്തെ ദ്വിരാഷ്ട്ര സന്ദർശനത്തിനായി സിംഗപ്പൂരിലെത്തിയ കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി പ്രസിഡൻ്റ് പ്രൊഫസർ ടാൻ എങ് ചിയുമായി ചർച്ച നടത്തി. ഗവേഷണ സഹകരണം ശക്തിപ്പെടുത്തുന്നതിനും, ഇരു രാജ്യങ്ങളും തമ്മിലുള്ള അക്കാഡമിക് ഇടപെടലുകൾ ആഴത്തിലാക്കാനും ചർച്ചകൾ ലക്ഷ്യമിടുന്നതായി സമൂഹ മാധ്യമ പോസ്റ്റിൽ അദ്ദേഹം പറഞ്ഞു. ഇന്നലെ സിംഗപ്പൂരിലെത്തിയ ശ്രീ ധർമേന്ദ്ര പ്രധാൻ ഇന്ത്യൻ സമൂഹവുമായി സംവദിച്ചു.

&&&&&&&&&&&&&&&&

**MANDAVIYA-eSHRAM**

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ഇ-ശ്രം പോർട്ടലിൻ്റെ ഏകജാലക സംവിധാനം കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. അസംഘടിത തൊഴിലാളികൾക്ക് വിവിധ സർക്കാർ പദ്ധതികളിലേക്ക് എളുപ്പത്തിൽ പ്രവേശനം ഉറപ്പാക്കാൻ ഈ സംവിധാനം ഉപകരിക്കും. 2021 ഓഗസ്റ്റ് 26-ന് ഇ-ശ്രം ആരംഭിച്ചതു മുതൽ, 30 കോടിയിലധികം അസംഘടിത തൊഴിലാളികളാണ് ഇതിൽ രജിസ്റ്റർ ചെയ്തത്.

&&&&&&&&&&&&&&&&

**SHIVRAJ-WORKSHOP**

നഗര ഭൂരേഖകൾക്കായുള്ള സർവേ-റിസർവേയുമായി ബന്ധപ്പെട്ട ആധുനിക സാങ്കേതിക വിദ്യകളെ സംബന്ധിച്ച ശില്പശാലക്ക് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. നഗര

ഭൂരേഖ നവീകരണത്തിൽ ആഗോളതലത്തിലെ മികച്ച സമ്പ്രദായങ്ങൾ പ്രദർശിപ്പിക്കുക, തിരഞ്ഞെടുത്ത നഗരപ്രദേശങ്ങളിൽ പൈലറ്റ് പദ്ധതി ആസൂത്രണം സുഗമമാക്കുക എന്നിവയാണ് ശിൽപശാലയുടെ ലക്ഷ്യം.

**&&&&&&&&&&&&&&&&**

**NAVAL CHIEF-UAE VISIT**

നാല് ദിവസത്തെ സന്ദർശനത്തിനായി നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ.ത്രിപാഠി യുഎഇ ലേക്ക് യാത്ര തിരിച്ചു. എല്ലാ മേഖലകളിലും ആഴത്തിലുള്ള സമഗ്ര തന്ത്രപരമായ പ്രതിരോധ സഹകരണം വർദ്ധിപ്പിക്കാനും ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സമുദ്രബന്ധം ഏകീകരിക്കാനും ഈ സന്ദർശനം ലക്ഷ്യമിടുന്നതായി നാവികസേനാ മേധാവി പറഞ്ഞു. യു.എ.ഇ.യിലെ നാഷണൽ ഡിഫൻസ് കോളേജ് സന്ദർശിക്കുന്ന അദ്ദേഹം സ്റ്റുഡൻ്റ് ഓഫീസർമാരുമായും സംവദിക്കും.

**&&&&&&&&&&&&&&&&**

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

**&&&&&&&&&&&&&&&&**

# HEADLINE 4

**J AND K MLAs-SWORN-IN**

ജമ്മു കശ്മീർ നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എം.എൽ.എ മാർ ശ്രീനഗറിൽ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. ആദ്യമായി നിയമസഭയിലെത്തുന്ന 51 എംഎൽഎമാർ ഉൾപ്പെടെയുള്ളവർക്ക് പ്രോടേം സ്പീക്കർ മുബാറക് ഗുൽ സത്യവാചകം ചൊല്ലിക്കൊടുക്കും. ഉച്ചയ്ക്ക് രണ്ട് മണിക്കാണ് സത്യപ്രതിജ്ഞാ ചടങ്ങ് .

**&&&&&&&&&&&&&&&&**

# HEADLINE 3

## HM – POLICE (INTRO)

*ഇന്ന് പോലീസ് സ്മൃതിദിനം. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ വീരചരമം പ്രാപിച്ച പോലീസ് സേനാംഗങ്ങൾക്ക് രാഷ്ട്രം ആദരവ് അർപ്പിക്കുന്ന ദിനമാണ് ഇന്ന്. പൊലീസിൽ കൃത്യ നിർവ്വഹണത്തിനിടെ ജീവൻ നഷ്ടപ്പെട്ടവർക്ക് ന്യൂഡൽഹിയിലെ പൊലീസ് സ്മാരകത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പുഷ്പചക്രം സമർപ്പിച്ചു. ജമ്മു കശ്മീരിലും വടക്കുകിഴക്കൻ പ്രദേശങ്ങളിലും ധീര ജവാൻമാരുടെ ശ്രമഫലമായി സമാധാനം പുനഃസ്ഥാപിക്കാൻ സാധിച്ചതായും ശ്രീ. അമിത് ഷാ പറഞ്ഞു.*

*( ഹോൾഡ് - വോയിസ്)*

&&&&&&&&&&&&&&&&

## I.N.D.I.A – seat allocation

രാഷ്ട്രീയ ജനത ദളിന് പിന്നാലെ I.N.D.I.A സഖ്യത്തിലെ സീറ്റ് വിഭജനത്തിൽ

സി പി ഐ - എം എൽ അതൃപ്തി രേഖപ്പെടുത്തി. വിഷയത്തിൽ അന്തിമ നിലപാട് വ്യക്തമാക്കണമെന്നും അല്ലാത്ത പക്ഷം സ്വന്തം നിലയിൽ തീരുമാനം എടുക്കുമെന്ന് ഇരു പാർട്ടികളും ഝാർഖണ്ഡ് മുക്തി മോർച്ചയെ അറിയിച്ചിട്ടുണ്ട്. സീറ്റ് വിഭജനത്തിൽ ജെ എം എമ്മിനും കോൺഗ്രസിനും 70 സീറ്റുകളാണ് നൽകിയിരിക്കുന്നത്.

&&&&&&&&&&&&&&&&

# HEADLINE 5

## ARCHERY WORLD CUP FINAL

മെക്സിക്കോയിൽ നടക്കുന്ന അമ്പെയ്ത്ത് ലോകകപ്പ് ഫൈനലിൽ, വനിതകളുടെ റികർവ് വിഭാഗത്തിൽ ഇന്ത്യയുടെ ദീപിക കുമാരിക്കു വെള്ളി. ഫൈനലിൽ ചൈനയുടെ ലി ജിയാമാനോടാണ് ദീപിക പരാജയപ്പെട്ടത്.

ഇത് അഞ്ചാം തവണയാണ് ദീപിക കുമാരി അമ്പെയ്ത്ത് ലോകകപ്പിൽ റണ്ണറപ്പായി ഫിനിഷ് ചെയ്യുന്നത്.

**&&&&&&&&&&&&&&&&**

**ISL**

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ജംഷഡ്പൂർ എഫ്സി ഹൈദരാബാദ് എഫ്സിയെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജംഷഡ്പൂരിലാണ് മത്സരം.

**&&&&&&&&&&&&&&&&**

**P P DIVYA – ANTICIPATORY BAIL**

കേരളത്തിൽ, ADM കെ.നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.പി.ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത് തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി വ്യാഴാഴ്ചത്തേക്ക് മാറ്റി. അതേസമയം, എ.ഡി.എമ്മിൻ്റെ മരണത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി ആവശ്യപ്പെട്ട് കണ്ണൂരിൽ യൂത്ത് ലീഗും, ബി ജെ പിയും പ്രതിഷേധ മാർച്ച് നടത്തി.

**&&&&&&&&&&&&&&&&**

**RAIN – KERALA**

സംസ്ഥാനത്ത് ബുധനാഴ്ചവരെ ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തീരപ്രദേശങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ട്. അച്ചൻകോവിൽ നദിയിലെ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ നദി കരയിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്.

**&&&&&&&&&&&&&&&&**

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം.ബോംബെ ഓഹരി സൂചിക സെൻസെക്സ് 50 പോയിന്റ് താഴ്ന്നു 81,170 ലും , ദേശീയ ഓഹരി സൂചിക നിഫ്റ്റി 52 പോയിന്റ് കുറഞ്ഞു 24,801 ലും വ്യാപാരം തുടരുന്നു.

സ്വർണ വില വീണ്ടും വർധിച്ചു . ഗ്രാമിന് 20 രൂപ ഉയർന്നു 7300 രൂപയും പവന് 160 രൂപ വർധിച്ച് 58,400 രൂപ യുമാണ് ഇന്നത്തെ വില .

&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 27 ന്. പരിപാടിയുടെ 115 -ാാം പതിപ്പാണിത്. പരിപാടിയിലേക്ക് പൊതുജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും myGov ഓപ്പൺ ഫോറത്തിലോ NaMo ആപ്പിലൂടെയോ പങ്കു വയ്ക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ വഴിയും ഈ മാസം 25 വരെ ആശയങ്ങളും അഭിപ്രായങ്ങളും അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&

## IODINE

രാജ്യമിന്ന് അയഡിൻ അപര്യാപ്തതാ പ്രതിരോധ ദിനമാചരിക്കുകയാണ് . അയഡിൻ അഭാവം പരിഹരിച്ചാൽ

കുട്ടികളിലെയും മുതിർന്നവരിലേയും , മാനസിക-ശാരീരിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നത്

തടയാനാകുമെന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് എൻഡോക്രൈനോളജി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ ഡോക്ടർ അഭിലാഷ് നായർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

&&&&&&&&&&&&&&&&

## BRAZIL PREZ- HEAD INJURY

ബ്രസീൽ പ്രസിഡൻ്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയെ തലയ്ക്ക് പരിക്കേറ്റതിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വരാനിരിക്കുന്ന ബ്രിക്സ് ഉച്ചകോടിക്കായി റഷ്യയിലേക്കുള്ള യാത്ര റദ്ദാക്കിയതായി ബ്രസീൽ പ്രസിഡന്റിന്റെ ഓഫീസ് അറിയിച്ചു. ബ്രസീലിയയിൽ നിന്ന് വീഡിയോ കോൺഫറൻസ് വഴി അദ്ദേഹം ഉച്ചകോടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&

**MALDIVES - UPI**

ഇന്ത്യയുടെ ഏകീകൃത പേയ്മെന്റ് ഇന്റർഫേസ് ആയ യു.പി.ഐ സേവനം ഇനി മാൽദിവ് സിലും ലഭ്യമാകും. മന്ത്രിസഭയുടെ ശുപാർശ പ്രകാരമാണ് തീരുമാനമെന്ന് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു അറിയിച്ചു . ഇതോടെ ഇന്ത്യൻ വിനോദസഞ്ചാരികൾക്ക് മാൽദിവ് സിൽ, ഇന്ത്യൻ രൂപയിൽ തന്നെ വിനിമയം നടത്താൻ കഴിയും.

&&&&&&&&&&&&&&&&

**GUJ- FINANCE COMMISSION**

പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ സംഘം മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ ഗുജറാത്തിലെത്തി .കമ്മീഷൻ അംഗങ്ങൾ ഇന്ന് ഗാന്ധിനഗറിൽ മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലുമായി കൂടിക്കാഴ്ച നടത്തും. വ്യവസായ സംഘടനകളുടെ പ്രതിനിധികളുമായും കമ്മീഷൻ ആശയവിനിമയം നടത്തും. മൂന്ന് ദിവസത്തെ സന്ദർശനത്തിൽ നിതി ആയോഗ് അംഗങ്ങൾ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായും നഗര ഗ്രാമ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായും പ്രതിനിധികളുമായും ചർച്ച നടത്തും.

&&&&&&&&&&&&&&&&
&&&&&&&&&&&&
&&&&